പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --7227 **03.11.2011-** ലെ മറുപടിക്ക്

<u>പ്രവാസി ക്ഷേമ പദ്ധതി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
| --- | --- |
| <u>ശ്രീ. എം.എ. ബേബി</u><br><u>ശ്രീ. കെ.വി. അബ്ദുൾ ഖാദർ</u><br><u>ശ്രീ. എ. പ്രദീപ്കുമാർ</u><br><u>ശ്രീ. കെ. രാധാകൃഷ്ണൻ</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>(ഗ്രാമവികസനവും ആസൂത്രണവും<br>സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |

**(എ) പ്രവാസികളുടെ ക്ഷേമത്തിനായി ഈ സർക്കാർ പുതുതായി എന്തെങ്കിലും** പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(എ)

1. പ്രവാസി **കേരളീയർക്കായി** ഒരു കോൾ സെന്റർ നോർക്ക വകുപ്പിന്റെ ഔദ്യോഗിക **കെട്ടിടമായ നോർക്ക സെന്ററിൽ ആരംഭിച്ചിട്ടുണ്ട്.** പ്രസ്തുത കോൾ സെന്ററിലൂടെ നോർക്ക വകുപ്പിന്റെയും, നോർക്ക - **റൂട്ട്സിന്റെയും പദ്ധതികളെക്കുറിച്ച് വിവരങ്ങൾ** നൽകുന്നതിനോടൊപ്പം പ്രവാസി കേരളീയർക്ക് **അടിയന്തിരഘട്ടങ്ങളിൽ ആവശ്യമായി വരുന്ന എംബസ്സികളെ സംബന്ധിക്കുന്ന വിവരങ്ങൾ , വിദേശരാജ്യങ്ങളിലെ തൊഴിൽ നിയമങ്ങൾ,** വിസയുടെ **ആധികാരികതയെക്കുറിച്ചുള്ള വിവരങ്ങൾ , വിദേശയാത്രയ്ക്ക് മുൻപ്** ശ്രദ്ധിക്കേണ്ടതായ കാര്യങ്ങൾ, റിക്രൂട്ട്മെന്റിനെക്കുറിച്ചും/റിക്രൂട്ട്മെന്റ് ഏജന്റുകളെ സംബന്ധിച്ചുമുള്ള വിവരങ്ങൾ എന്നിങ്ങനെ പ്രവാസി കേരളീയർക്കും വിദേശതൊഴിൽ കാംക്ഷികൾക്കും ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നു.

2. പ്രവാസികളുടെ/ കുടുംബാംഗങ്ങളുടെ പരിഹരിക്കാൻ പ്രയാസമുള്ളതും ദീർഘകാലമെടുക്കുന്നതുമായ പരാതികളും ആവലാതികളും അടിയന്തിര പ്രാധാന്യം നൽകി പരിഹരിക്കുന്നതിനും, മൂല്യവർധിത സേവനങ്ങളുടെ രൂപത്തിൽ സർക്കാരിന്റെ സഹായഹസ്തം പ്രവാസികളിലേക്കെത്തിക്കുന്നതിലേയ്ക്കുമായി ജില്ലകളിലുള്ള നോർക്ക സെല്ലുകൾ ശക്തമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

3. തിരുവനന്തപുരം ജില്ലയിൽ നോർക്ക വകുപ്പിനു കീഴിൽ ഉള്ള വിവിധ ഓഫീസുകളെ ഏകോപിപ്പിക്കുന്നതിനായും പ്രവാസികൾക്കായും വിദേശ ജോലി തേടുന്നവർക്കായും ഉള്ള വിവിധ സേവനങ്ങൾ ഒരു കെട്ടിട സമുച്ചയത്തിൽ നിന്നും നൽകാൻ ഉതകുംവിധം നോർക്ക സെന്റർ എന്ന കെട്ടിടം ബഹു: മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തിട്ടുണ്ട്.

4. ധനസഹായ പദ്ധതികളായ ചെയർമാൻ ഫണ്ടിലൂടെയുള്ള ധനസഹായം 10,000 രൂപയിൽ നിന്നും 25,000 രൂപയായി വർദ്ധിപ്പിച്ചു. ചെയർമാൻ ഫണ്ടിൽ അപേക്ഷിക്കുന്നവരുടെ വാർഷിക വരുമാനപരിധി നിലവിലെ 25,000 – ത്തിൽ നിന്നും 50,000 രൂപയായി ഉയർത്തിയിട്ടുണ്ട്.

5. നോർക്കയുടെ സേവനങ്ങൾ മലയാളി സമൂഹത്തിന് ലഭ്യമാക്കാനായി ഡെവലപ്മെന്റ് ഓഫീസുകൾ ഗുജറാത്തിലെ ബറോഡയിൽ 24/07/2011 നും, ചെന്നൈയിൽ 21/08/2011 നും തുറന്ന് പ്രവർത്തനമാരംഭിച്ചു.

6. നോർക്ക – റൂട്ട്സ് നൽകിവരുന്ന പ്രവാസി തിരിച്ചറിയൽ കാർഡ് ഉടമകൾക്ക് ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് തീരുമാനമായി.

(ബി) മുൻ സർക്കാർ പ്രവാസികാര്യവകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികൾ എല്ലാം ഇപ്പോഴും തുടരുന്നുണ്ടോ; അവ ഏതൊക്കെയായിരുന്നു; വിശദമാക്കാമോ?

(ബി) മുൻ സർക്കാരിന്റെ കാലത്ത് പ്രവാസികാര്യ വകുപ്പുവഴി നടപ്പിലാക്കിയ എല്ലാ പദ്ധതികളും നിലവിൽ തുടരുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. **<u>സാന്ത്വന</u>**

**ദുരിതമനുഭവിക്കുന്ന പ്രവാസി കേരളീയർക്കായി നോർക്ക വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയായ 'സാന്ത്വന' പദ്ധതി നിലവിലുണ്ട്.**

2. **<u>കാരുണ്യം</u>**

**വിദേശ രാജ്യങ്ങളിലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും ജോലി ചെയ്യുന്ന പ്രവാസികേരളീയർ അവിടെ വച്ച് മരണമടയുന്ന സന്ദർഭങ്ങളിൽ അവരുടെ മൃതശരീരം വിമാന മാർഗ്ഗം/റെയിൽ മാർഗ്ഗം സ്വന്തം നാട്ടിൽ കൊണ്ടുവരുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനായി 'കാരുണ്യം' എന്ന പേരിൽ സർക്കാർ ഒരു ഫണ്ട് രൂപീകരിച്ചിട്ടുണ്ട്.**

3. **<u>ചെയർമാൻ ഫണ്ട്</u>**

**ഈ ഫണ്ടിൽ നിന്നും ഏറെ കഷ്ടപ്പെടുന്ന പ്രവാസികളിൽ അർഹരായവർക്ക് ധനസഹായം അനുവദിക്കാറുണ്ട്. മരണാനന്തര ധനസഹായമായും, ചികിത്സാധനസഹായമായുമാണ് തുക അനുവദിക്കുന്നത്.**

പ്രവാസി മലയാളികളുടെ ചിരകാല അഭിലാഷമായ തിരിച്ചറിയൽ കാർഡ് വിതരണം നോർക്ക – റൂട്ട്സിന്റെ ആഭിമുഖ്യത്തിൽ 2008 ൽ ആരംഭിച്ചിട്ടുണ്ട്. തിരിച്ചറിയൽ കാർഡുകൾക്ക് ഒരു ലക്ഷം രൂപ വരെ ഇൻഷുറൻസ് പരിരക്ഷ നൽകിവന്നിരുന്നു. ആയതിപ്പോൾ 2 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വിദേശത്ത് തൊഴിൽ തേടി പോകുന്നവർക്ക് അവരുടെ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുന്നതിലേക്കായി തൊഴിൽ വൈദഗ്ദ്ധ്യ പരിശീലന കേന്ദ്രങ്ങൾ നോർക്ക – റൂട്ട്സിന് കീഴിൽ ആരംഭിച്ചിട്ടുണ്ട്. വിദേശ തൊഴിലുമായി ബന്ധപ്പെട്ട് റിക്രൂട്ട്മെന്റ് നടത്തുന്നതിലേയ്ക്കായി ഒരു റിക്രൂട്ട്മെന്റ് ഏജന്റായി 2006 മുതൽ നോർക്ക – റൂട്ട്സ് പ്രവർത്തിക്കുന്നുണ്ട്. ആയതിനോടൊപ്പം 2010 ഡിസംബറിൽ ഒരു ജോബ് പോർട്ടൽ www.jobsnorka.gov.in ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പോർട്ടലിൽ തൊഴിൽ കാംക്ഷികൾക്കും തൊഴിൽദാതാക്കൾക്കും ഒരേ പോലെ രജിസ്റ്റർ ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ പ്രവാസികളുടെ സമഗ്രക്ഷേമം ഉറപ്പാക്കുന്നതിനായി കേരള പ്രവാസി കേരളീയ ക്ഷേമ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ